**പതിമൂന്നാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നമ്പർ. 315** 28.06.2011-ൽ മറുപടിയ്ക്ക്

## ബി.പി.എൽ. ലിസ്റ്റിലെ അപാകതകൾ പരിഹരിക്കാൻ നടപടി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. പി. തിലോത്തമൻ : | | ഡോ: എം.കെ. മുനീർ (പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |

എ. പുതിയ ബി.പി.എൽ. ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ ജനങ്ങൾക്ക് സേവനവും ആനുകൂല്യങ്ങളും എന്നത്തേക്ക് ലഭ്യമാകുമെന്നും നിലവിൽ ബി.പി.എൽ. ലിസ്റ്റ് പ്രാബല്യത്തിൽ വരുന്നതിന് നേരിടുന്ന കാലതാമസം എന്തുകൊണ്ടാണെന്നും വ്യക്തമാക്കുമോ ;

ബി. നിലവിലുള്ള ബി.പി.എൽ. ലിസ്റ്റിലെ അപാകത മൂലം ആനുകൂല്യങ്ങൾ ലഭിക്കാൻ കഴിയാതെ പോകുന്നവർക്ക് ഇതുമൂലമുണ്ടായ നഷ്ടം പരിഹരിക്കുവാൻ എന്തു നടപടികൾ കൈക്കൊള്ളുമെന്ന് വ്യക്തമാക്കുമോ ; ഈ പ്രശ്നം പരിഹരിക്കുവാൻ എന്തെങ്കിലും താൽക്കാലിക സംവിധാനം ഏർപ്പെടുത്തുമോ ?

എ. & ബി. 2009-ൽ സംസ്ഥാനത്ത് നടത്തിയ ബി.പി.എൽ. സർവ്വേയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ബി.പി.എൽ. ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങൾ നൽകി വരുന്ന വ്യക്തിഗത ആനുകൂല്യങ്ങൾ ഈ ബി.പി.എൽ. ലിസ്റ്റ് പ്രകാരം നൽകാവുന്നതാണ്. പ്രസിദ്ധീകരിച്ച ബി.പി.എൽ. ലിസ്റ്റ് സംബന്ധിച്ച അപേക്ഷകൾ/ആക്ഷേപങ്ങൾ/ പരാതികൾ എന്നിവ സമർപ്പിയ്ക്കുന്നതിന് 30-04-11 വരെ അവസരം നൽകിയിരുന്നു. ഇപ്രകാരം ലഭിച്ച അപേക്ഷകൾ/ ആക്ഷേപങ്ങൾ/ പരാതികൾ എന്നിവ പരിശോധിച്ച് അർഹരായ കുടുംബങ്ങളെ ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. തദ്ദേശസ്വയംഭരണ വകുപ്പ് വഴിയുള്ള ആനുകൂല്യങ്ങൾ പ്രസിദ്ധീകരിച്ച പുതിയ ബി.പി.എൽ. ലിസ്റ്റ് വഴി ഇപ്പോൾ തന്നെ നൽകുന്നുണ്ട്. എന്നാൽ ഇതര വകുപ്പുകൾ മുഖേന നൽകുന്ന ആനുകൂല്യങ്ങൾ സംബന്ധിച്ച് (ഭക്ഷ്യ-സിവിൽ സപ്ലൈസ് വകുപ്പ് വഴി നൽകുന്ന ബി.പി.എൽ. റേഷൻ കാർഡ്, തൊഴിൽ വകുപ്പു വഴി നൽകുന്ന ആരോഗ്യ ഇൻഷ്വറൻസ്, സാമൂഹ്യക്ഷേമ വകുപ്പു വഴി നൽകുന്ന വാർദ്ധക്യ കാല പെൻഷൻ (എൻ.എസ്.ഐ.പി.) തുടങ്ങിയവ) പുതിയ ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ തീരുമാനം എടുക്കേണ്ടത് അതാത് വകുപ്പുകളാണ്. ഫണ്ടിന്റെ ലഭ്യത, സെൻട്രൽ അലോക്കേഷൻ എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കും തീരുമാനം കൈക്കൊള്ളുന്നത്. ആയതിനാൽ ഇക്കാര്യത്തിൽ പുതിയ ലിസ്റ്റ് പ്രകാരമുള്ള ആനുകൂല്യം എന്നത്തേക്ക് നൽകാൻ കഴിയുമെന്ന് പറയാൻ കഴിയില്ല. അതാത് വകുപ്പുകളാണ് തീരുമാനിക്കേണ്ടത്.

പുതിയ ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ ബി.പി.എൽ. സംബന്ധിച്ച പരാതികൾ, ആക്ഷേപങ്ങൾ, അപേക്ഷകൾ എന്നിവ പരിശോധന നടത്തുന്നതിനുള്ള സമയക്രമം 2011 ജൂലൈ 1 മുതൽ ആഗസ്റ്റ് 16 വരെയായി പുനർനിശ്ചയിച്ച് നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്.(28763/ഡി.ഡി.3/11/ തസ്വഭവ, തിയതി: 25-06-11 സർക്കുലർ പ്രകാരം). എന്നിരുന്നാലും അടുത്ത 6 മാസത്തിനുള്ളിൽ നൽകാൻ കഴിയുമെന്നു പ്രതീക്ഷിക്കുന്നു. ഈ പ്രശ്നം ശാശ്വതമായി പരിഹരിയ്ക്കേണ്ടതാകയാൽ താൽക്കാലിക സംവിധാനം ഇതിനായി ഏർപ്പെടുത്തുന്നത് ഫലപ്രദമാകുകയില്ല.

സെക്ഷൻ ഓഫീസർ.